എക്സ്ട്രാ റൂഫ് അതോടൊപ്പം കെട്ടിടത്തിന്റെ പുറകുവശത്തെ അലൂമിനിയം പാനലിങ്ങ് ഇത്യാദി പണികൾക്കുവേണ്ടി 360 ലക്ഷം രൂപയുടെ ടെണ്ടർ വിളിച്ചെങ്കിലും ടെണ്ടർ ആരും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ക്വട്ടേഷൻ നടപടികൾ പി.ഡബ്ല്യു.ഡി. സ്വീകരിച്ചുവരുന്നു. കെട്ടിടം പൂർണ്ണമായും ഉപയോഗയോഗ്യമായിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചാൽമാത്രമേ തസ്തിക സൃഷ്ടിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം

68 (733) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാ കെയർ, ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ; വിശദമാക്കുമോ ?

ഉത്തരം

15-11-2011-ലെ സ.ഉ.(സാധ)നമ്പർ 3961/11/ആ.കു.വ. പ്രകാരം ട്രോമാ കെയറിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 13.45 ലക്ഷം രൂപയും 6-12-2013-ലെ സ.ഉ.(സാധ)നമ്പർ 4065/2013/ആ.കു.വ. പ്രകാരം കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീൻ ആന്റ് അദർ എക്യൂപ്മെന്റ്സ് ഫോർ ട്രോമാ കെയർ വാങ്ങുന്നതിനായി 30 ലക്ഷം രൂപയും അനുവദിക്കുകയും ഇത കെ.എം.എസ്.സി.എല്ലിന് കൈമാറുകയും ചെയ്തിരുന്നു.

ബ്ലഡ് സ്റ്റോറേജിനായുള്ള കെട്ടിടം പുനരുദ്ധരിച്ചെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല.

പുതിയതായി പണിയുന്ന സ്ത്രീകളുടെയും കുട്ടികളുടെയും വാർഡിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ

69 (734) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനും സാംക്രമിക രോഗങ്ങൾ തടയുന്നതിനുമായി ഈ മഴക്കാലത്തിനു മുന്നോടിയായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മഴക്കാലരോഗങ്ങൾ തടയുന്നതിന് ആരോഗ്യവകുപ്പ് ഒരുവർഷം നീണ്ടു നിൽക്കുന്ന കർമ്മപദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരികയാണ്. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതര വകുപ്പ് മന്ത്രിമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ 2015 ഫെബ്രുവരി 10-ാം തീയതി ഉന്നതതലയോഗം കൂടി ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന കർമ്മപരിപാടികളെപ്പറ്റി ചർച്ചചെയ്ത് അന്തിമ രൂപം നൽകി. ജില്ലാ തലത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും നഗരസഭ/പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആലോചനായോഗങ്ങൾ കൂടി പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പ്രവർത്തനങ്ങൾ നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതോടൊപ്പം വാർഡ്തല ആരോഗ്യശുചിത്വ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ എൻ.എച്ച്.എം. ശുചിത്വമിഷൻ തദ്ദേശഭരണ സ്ഥാപന ഫണ്ടുകൾ ലഭ്യമാക്കാനും തീരുമാനിച്ചു. മഴക്കാലത്തോടനുബന്ധിച്ച് പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് തടയാനായി മഴക്കാലപൂർവ്വ ശുചീകരണത്തിനും കൊതുകിന്റെ ഉറവിട നശീകരണത്തിനും ജലശുദ്ധി ഉറപ്പാക്കാനും പലവിധ ക്യാമ്പെയിനുകൾ നടപ്പിലാക്കി.

1. കൊതുകിന്റെ ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നശിപ്പിക്കുന്ന ക്യാമ്പെയിൻ (ഏപ്രിൽ 20-22).
2. പ്ലാന്റേഷൻ ക്യാമ്പെയിൻ (ഏപ്രിൽ 27-29).
3. ക്ലീൻ ഓഫീസ് & ക്ലീൻ പബ്ലിക് പ്ലേസ് ക്യാമ്പെയിൻ (മേയ് 18-20)
4. സേഫ് വാട്ടർ ക്യാമ്പെയിൻ (മേയ് 14-16).

എന്നിവ എല്ലാ ജില്ലകളിലും നടത്തി. ജൂൺ ജൂലൈ മാസങ്ങളിൽ ആഴ്ചതോറും സ്കൂൾ, ഓഫീസ്, വീട് എന്നിവിടങ്ങളിൽ കൊതുക്, കുത്താടി നശീകരണത്തിനായി ഡ്രൈഡേ ആചരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.